**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1656** **11-10-2024 - ൽ മറുപടിയ്ക്ക്**

**കൃഷി വകുപ്പിന്റെ ആഭ്യന്തര വിജിലൻസ് അന്വേഷണ റിപ്പോർട്ടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കൃഷി വകുപ്പിലെ ആഭ്യന്തര വിജിലൻസ് വിഭാഗം എത്ര അന്വേഷണ റിപ്പോർട്ടുകൾ സമർപ്പിച്ചു എന്നതിന്റെ വിശദവിവരം ലഭ്യമാക്കുമോ; | (എ) | **ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കൃഷി വകുപ്പിലെ ആഭ്യന്തര വിജിലൻസ് വിഭാഗം അന്വേഷണം നടത്തി പൂർത്തിയാക്കിയ 48 അന്വേഷണ റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്.** |
| (ബി) | അതിൽ ക്രമക്കേട് കണ്ടെത്തിയത് എതെല്ലാം റിപ്പോർട്ടുകളിലാണ് എന്നതിന്റെ വിശദവിവരം ലഭ്യമാക്കുമോ? | (ബി) | **കൃഷി വകുപ്പിലെ ആഭ്യന്തര വിജിലൻസ് വിഭാഗം അന്വേഷണം നടത്തി പൂർത്തിയാക്കി സമർപ്പിച്ച 48 അന്വേഷണ റിപ്പോർട്ടുകളിൽ ക്രമക്കേടുകൾ കണ്ടെത്തിയവയുടെ (9 അന്വേഷണ റിപ്പോർട്ടുകൾ) വിവരങ്ങൾ ചുവടെ പറയുന്നു.**<br><br>**പത്തനംതിട്ട** ജില്ലയിലെ സീതത്തോട് കൃഷി ഭവനിലും **പാലക്കാട്** ജില്ലയിലെ നെല്ലിയാമ്പതി ഓറഞ്ച് ആൻഡ് വെജിറ്റബിൾ ഫാമിലും **പാലക്കാട്** ജില്ലയിലെ അമ്പലപ്പാറ കൃഷി ഭവനിലും **ഇടുക്കി** ജില്ലയിലെ കാന്തല്ലൂർ, വട്ടവട എന്നീ കൃഷി ഭവനുകളിലും **മലപ്പുറം** ജില്ലയിലെ എടവണ്ണ കൃഷി ഭവനിലും **ഇടുക്കി** ജില്ലയിലെ രാജാക്കാട് കൃഷി ഭവനിലും സംസ്ഥാന വില നിർണ്ണയ ബോർഡിലും **കൊല്ലം** ജില്ലയിലെ ചവറ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിലും **തൃശ്ശൂർ** ജില്ലയിലെ എരുമപ്പെട്ടി കൃഷി ഭവനിലും നടത്തിയ അന്വേഷണ റിപ്പോർട്ടുകളിലാണ് ക്രമക്കേടുകൾ കണ്ടെത്തിയത്.<br><br>ഓരോ അന്വേഷണത്തിന്റെയും വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

***ആഭ്യന്തര വിജിലൻസ് വിഭാഗം സമർപ്പിച്ച 48 അന്വേഷണ റിപ്പോർട്ടുകളിൽ ക്രമക്കേടുകൾ കണ്ടെത്തിയ 9 അന്വേഷണ റിപ്പോർട്ടുകളുടെ വിശദ വിവരങ്ങൾ***

1) സീതത്തോട് കൃഷി ഓഫീസർ ശ്രീ ബെഞ്ചി ഡാനിയേൽ കർഷകർക്ക് വിതരണം ചെയ്യേണ്ട നടീൽ വസ്തുക്കളുടെ കിറ്റുകൾ, കിഴങ്ങുവർഗ്ഗങ്ങളുടെ കിറ്റുകൾ എന്നീ പദ്ധതികൾ ദുർവിനിയോഗം ചെയ്തു എന്ന പരാതിയിൽ സർക്കാർ ടിയാനെ സസ്പെൻഡ് ചെയ്യുകയും തുടർന്ന് സ്പെഷ്യൽ വിജിലൻസ് സെൽ അന്വേഷണം നടത്തി സർക്കാരിൽ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ പത്തനംതിട്ട ഡെപ്യൂട്ടി സൂപ്രണ്ടിന്റെ കാര്യാലയത്തിൽ കേസ് രജിസ്റ്റർ ചെയ്ത് നടപടികൾ തുടർന്നു വരുന്നു.

2) നെല്ലിയാമ്പതി ഓറഞ്ച് ആൻഡ് വെജിറ്റബിൾ ഫാമിലെ ഫാം സൂപ്രണ്ട് ശ്രീ ജോൺസൺ പുറവക്കാട്ട് ടി ഫാമിൽ വില്പന ഇനത്തിൽ സ്വീകരിക്കുന്ന തുകകൾ റ്റി.ആർ.5 രസീത് ബുക്കിൽ വ്യാജ രേഖപ്പെടുത്തൽ വരുത്തിയും തുക യഥാസമയം ട്രഷറിയിൽ ഒടുക്കാതെയും അനധികൃതമായി കൈവശം വച്ചിരുന്നതായി സ്പെഷ്യൽ വിജിലൻസ് സെല്ലിന്റെ അന്വേഷണത്തിൽ കണ്ടെത്തി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ടിയാന് കാരണം കാണിക്കൽ നോട്ടീസ് നൽകി അച്ചടക്ക നടപടികൾ സ്വീകരിച്ചിരുന്നു. നിലവിൽ ടിയാൻ പെൻഷൻ പറ്റിയ സാഹചര്യത്തിൽ ടിയാനെതിരെ KSR Part III Rule 3(b) പ്രകാരം സത്വര അന്വേഷണം നടത്തുന്നതിനായി കൃഷി അഡീഷണൽ ഡയറക്ടർ ശ്രീ തോമസ് സാമുവലിനെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ചു കൊണ്ട് സ.ഉ.(സാധാ)നം.752/2024/കൃഷി തീയതി.11/08/2024 പ്രകാരം ഉത്തരവായിട്ടുണ്ട്.

3) പാലക്കാട് ജില്ലയിലെ അമ്പലപ്പാറ കൃഷി ഭവനിലെ കൃഷി അസിസ്റ്റന്റ് ശ്രീമതി.സുമിത.വി.ഡി TR5 രസീതുകൾ ഉപയോഗിച്ച് പണം തട്ടിയെടുത്തതുമായി ബന്ധപ്പെട്ട് സ്പെഷ്യൽ വിജിലൻസ് സെൽ അന്വേഷണം നടത്തി ടിയാളെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യുകയും തുടർന്ന് ടിയാൾക്കെതിരെ വകുപ്പുതല അന്വേഷണം നടത്തുകയും അച്ചടക്ക നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

4) കാന്തല്ലൂർ, വട്ടവട കൃഷി ഭവനുകളിൽ 2020-21 വർഷത്തിലെ ഹൈബ്രിഡ് പച്ചക്കറി കൃഷി പദ്ധതി നടത്തിപ്പിലെ വ്യാപക ക്രമക്കേടുകൾ സംബന്ധിച്ച് സ്പെഷ്യൽ വിജിലൻസ് സെൽ വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുകയും ടി ക്രമക്കേടുകൾക്ക് ഉത്തരവാദികളായ ശ്രീമതി. ബീന ആർ, ശ്രീമതി.മേരി ശോഭന, ശ്രീമതി. ലിജ.എച്ച്., ശ്രീ .മുരുകൻ കെ, ശ്രീമതി. സുലോചന.വി.ടി,

ശ്രീമതി. സജിമോൾ. വി കെ, ശ്രീ.സതീഷ്.കെ.ആർ എന്നിവർക്കെതിരെ അച്ചടക്ക നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

5) മലപ്പുറം ജില്ലയിലെ എടവണ്ണ കൃഷി ഭവനിലെ കൃഷി ഓഫീസർ ശ്രീ.സുബൈർ ബാബു ഡാറ്റാ ബാങ്കിൽ തെറ്റ് തിരുത്താമെന്ന വ്യാജേന ഭൂമി പരിവർത്തനപ്പെടുത്തി എന്ന പരാതിയിന്മേൽ സ്പെഷ്യൽ വിജിലൻസ് സെൽ അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ട് സർക്കാരിന്റെ പരിശോധനയിലാണ്.

6) ഇടുക്കി ജില്ലയിലെ രാജാക്കാട് കൃഷി ഭവനിലെ കൃഷി അസ്സിസ്റ്റന്റ്മാരായ ശ്രീ.രാജേഷ്. പി.കെ, ശ്രീ.അരീഷ് പി ചിറയ്ക്കൽ എന്നിവരുടെ ബന്ധു ജനങ്ങൾക്ക് അനർഹമായി ആനുകൂല്യങ്ങൾ നൽകിയത് സംബന്ധിച്ച് സ്പെഷ്യൽ വിജിലൻസ് സെൽ അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിൽ ടി ജീവനക്കാർക്കെതിരെയും അതോടൊപ്പം ശ്രീമതി. ബീന. ആർ കൃഷി ഓഫീസർക്കെതിരെയും അച്ചടക്ക നടപടികൾ തുടർന്നു വരുന്നു. ഈ വിഷയവുമായി ബന്ധപ്പെട്ട് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഇടുക്കി യൂണിറ്റ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു.

7) സംസ്ഥാന വിലനിർണ്ണയ ബോർഡിലെ ക്ലാർക്കായിരുന്ന ശ്രീ. വിപിൻ തങ്കപ്പൻ, ടി കാര്യാലയത്തിലെ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും കുറവ് ചെയ്ത GPF, SLI, GIS, LIC തുടങ്ങിയ തുകകളിൽ ക്രമക്കേട് വരുത്തി പണാപഹരണം നടത്തി എന്ന പരാതിയിൽ അന്വേഷണം നടത്തി ടിയാനെ സസ്പെൻഡ് ചെയ്ത് അച്ചടക്ക നടപടികൾ തുടർന്നു വരുന്നു. ടി കേസിൽ നിലവിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ അന്വേഷണവും അതോടൊപ്പം പോലീസ് അന്വേഷണവും നടന്നു വരുന്നു.

8) ചവറ ബ്ലോക്കിൽ വിവിധ സ്കീമുകളിൽ മാർഗ്ഗ നിർദേശങ്ങൾക്ക് വിരുദ്ധമായും സ്വന്തം കുടുംബത്തിലെ കാർഷിക നഴ്സറിക്ക് സാമ്പത്തിക നേട്ടത്തിനായി കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി.ഷെറിൻ മുള്ളർ പ്രവർത്തിച്ചു എന്ന പരാതിയിൽ അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിൽ ശ്രീമതി. ഷെറിൻ മുള്ളർ, 6 കൃഷി ഓഫീസർമാർ, 5 കൃഷി അസ്സിസ്റ്റന്റ്മാർ എന്നിവർക്കെതിരെ അച്ചടക്ക നടപടികൾ തുടർന്നു വരുന്നു.

9) തൃശ്ശൂർ ജില്ലയിലെ എരുമപ്പെട്ടി കൃഷി ഓഫീസർ ശ്രീ. ഉണ്ണികൃഷ്ണപിള്ള. എസ്., ഭൂമി പരിവർത്തനപ്പെടുത്താൻ കൈക്കൂലി വാങ്ങിയതുമായി ബന്ധപ്പെട്ട് ടിയാനെതിരെയുള്ള വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ കേസ് നടന്നു വരുന്നു. ടിയാൾക്കെതിരെയുള്ള അച്ചടക്ക നടപടി തുടർന്നു വരുന്നു.